Deivarajyam April 2016
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/4/2016
● Posted at Thodupuzha Stg.
Annual Subscription ₹100.00

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ




വാല്യം 55
ഏപ്രിൽ 2016
ലക്കം 4




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691



നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും
അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും
രൂപതാ കുടുംബത്തിന്റെ
തിരുനാൾ ആശംസകൾ





നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന
മോൺ. ജോർജ് ഓലിയപ്പുറം അച്ചനും
മോൺ. ജോർജ് കാര്യാമഠം അച്ചനും
രൂപതാ കുടുംബത്തിന്റെ
തിരുനാൾ ആശംസകൾ

# ദൈവരാജ്യം

EPARCHY OF KOTHAMANGALAM

LOVE NEVER ENDS





*Patron*

**Mar George Madathikandathil**

Bishop of Kothamangalam

*Editor, Printer & Publisher*

**Rev. Dr. George Thekkekara**



**വാല്യം 55**

**ഏപ്രിൽ 2016**

**ലക്കം 4**



The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


| | പേജ് |
|---|---|
| 53-ാം ലോകദൈവവിളി പ്രാർത്ഥനാദിനം | 9 |
| KCBC - തൊഴിൽകാര്യകമ്മീഷൻ മെയ്ദിന സന്ദേശം | 13 |
| രൂപതക്കച്ചേരി | 20 |
| മൈനർ സെമിനാരി | 23 |
| വിജ്ഞാനഭവൻ | 24 |
| വിദ്യാഭ്യാസം | 27 |
| ചെറുപുഷ്പമിഷൻലീഗ് | 28 |
| കെ.സി.എസ്.എൽ. | 31 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് | 32 |
| സോഷ്യൽ സർവീസ് | 33 |
| യുവദീപ്തി | 38 |
| ജീസസ് യൂത്ത് | 40 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 41 |
| മാതൃവേദി | 42 |
| എ.കെ.സി.സി. | 43 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 44 |
| പ്രാർത്ഥനാഗ്രൂപ്പ് | 45 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 46 |
| നെസ്റ്റ് പ്രോഗ്രാം | 47 |
| തിരുനാൾ മംഗളങ്ങൾ | 48 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 49 |
| ബിഷപ്പ്സ് പ്രോഗ്രാം | 51 |
| പ്രാർത്ഥനയിൽ ഓർക്കാം | 52 |
| നിര്യാതരായി | 52 |




## ഓർമ്മിക്കാൻ

### ഏപ്രിൽ

| | | |
|---|---|---|
| 4-7 | - | വിശ്വാസോത്സവം |
| 6-8 | - | Pre-Marriage Course |
| 9 | - | Catechism രണ്ടാം സെമസ്റ്റർ പരീക്ഷ |
| 12 | - | Presbyteral Council |
| 16 | - | Pastoral Council |
| 17 | - | ലോക ദൈവവിളി പ്രാർത്ഥനാദിനം |
| 18-21 | - | KCSL സംസ്ഥാന നേതൃത്വ പരിശീലനക്യാമ്പ് |
| 20-22 | - | Pre-Marriage Course |
| 25-26 | - | Bible Nursery Teachers' Training |

### തിരുനാളുകൾ

| | | |
|---|---|---|
| 01 | : | വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെയും തിരുനാൾ) |
| 03 | : | പുതുഞ്ഞായർ |
| 24 | : | വി. ഗീവർഗീസ് |
| | : | മാർ അദ്ദായി |
| 25 | : | വി. മർക്കോസ് |
| 29 | : | സിയന്നായിലെ വി. കത്രീന |

Ref: 2925/K 35/OL/KCBC/DS 11.03.2016

# 53-ാം ലോകദൈവവിളി പ്രാർത്ഥനാദിനം

## 17 ഏപ്രിൽ 2016

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*സഭാബോധമുണർത്തുന്ന കടാക്ഷം*

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

ആഗോള കത്തോലിക്കാസഭ 2016 ഏപ്രിൽ 17-ാം തീയതി ദൈവവിളി പ്രാർത്ഥനാദിനമായി ആചരിക്കുകയാണ്. കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആഗോളകത്തോലിക്കാസഭയ്ക്കു നൽകുന്ന ദൈവവിളി പ്രാർത്ഥനാദിന സന്ദേശത്തിലെ രണ്ടു പ്രധാന ചിന്തകൾ കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ നമ്മൾ ധ്യാനവിഷയമാക്കേണ്ടതുതന്നെയാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി നാം ധ്യാനിച്ചുകൊണ്ടിരുന്ന ദൈവവിളിയുടെ ഉറവിടത്തെക്കുറിച്ച് പരിശുദ്ധ പിതാവ് വ്യക്തത വരുത്തുന്നുണ്ട്. ക്രൈസ്തവ ദൈവവിളി ദൈവജനത്തിനുള്ളിൽനിന്നുമാണ് ജനിക്കുന്നതെന്നും അത് ദൈവിക കാരുണ്യത്തിന്റെ ഒരു ദാനമാണെന്നും സകലരും തിരിച്ചറിയുമെന്നും പിതാവ് പ്രത്യാശിക്കുന്നു. വിശുദ്ധ മത്തായിയെ തിരഞ്ഞെടുത്തതുപോലെ കാരുണ്യത്തോടെ നോക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്ന കർത്താവിന്റെ കരുണാർദ്രമായ പ്രവർത്തനമാണ് പാപങ്ങൾ ക്ഷമിച്ച് ശിഷ്യത്വത്തിലേക്കും പ്രേഷിതത്വത്തിലേക്കും നമുക്ക് വാതിൽ തുറക്കുന്നത്. അതുകൊണ്ടുതന്നെ പിതാവ് നിസ്സംശയം വ്യക്തമാക്കുന്നു: സഭയിലെ ഓരോ ദൈവവിളിയുടെയും ഉത്പത്തി യേശുവിന്റെ അനുകമ്പ നിറഞ്ഞ കടാക്ഷത്തിലാണ്.

കരുണാർദ്ര കടാക്ഷം ഒരു വ്യക്തിയെ വിളിക്കുന്നത് സഭയുടെ കൂട്ടായ്മയിലേയ്ക്കാണ്. സഭയിൽ വിശ്വസിക്കുക എന്നത് നമ്മുടെ പ്രമാണങ്ങളിൽ ഒന്നാണ്. സഭയുടെ ഭാഗമാകുന്നതിന് ദൈവം നമ്മെ



വിളിക്കുകയും ആ സഭയിൽ നാം നിശ്ചിത പക്വത ആർജ്ജിച്ചു കഴിയുമ്പോൾ അവിടുന്ന് നമ്മുടെമേൽ നിർദ്ദിഷ്ട വിളി ചൊരിയുകയും ചെയ്യുന്നു എന്നിങ്ങനെ പരിശുദ്ധ പിതാവ് വ്യക്തമാക്കുന്നു.

സഭയിൽ ജനിച്ച് പക്വത പ്രാപിക്കുന്ന ഈ വിളി ഒരു കൂട്ടുവിളിയാണ്. ഈ തിരിച്ചറിവ് കത്തോലിക്കാ ദർശനത്തിലേയ്ക്കും സഭാബോധത്തിലേയ്ക്കും നമ്മെ കൈ പിടിക്കുന്നു. ഒരാളും ഒരു പ്രത്യേക പ്രദേശത്തിനു മാത്രമായോ ഒരു സംഘത്തിനോ സഭാത്മക പ്രസ്ഥാനത്തിനോ മാത്രമായോ വിളിക്കപ്പെടുന്നില്ല, മറിച്ച് സഭയ്ക്കും ലോകത്തിനും വേണ്ടിയാണ് വിളിക്കപ്പെടുന്നത്. ചരിത്രപരമായി പ്രാദേശികമായി ഉടലെടുക്കുന്നുവെങ്കിലും ആഗോള സഭയുടെ ചൈതന്യത്തിലേക്ക് വളരുവാനുള്ളതാണ് ഓരോ ദൈവവിളിയും.

ഓരോ ദൈവവിളിയും പ്രകടമാകുന്ന നിമിഷം മുതൽ മതിയായ ഒരു സഭാബോധം അതിന് ഉണ്ടാകേണ്ടതുണ്ട്. ഓരോ സിദ്ധിയുടെയും ആധികാരികത ഉറപ്പിക്കുന്ന വ്യക്തമായ അടയാളവും ഈ സഭാത്മകതയാണെന്ന് പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു.

ദൈവവിളിയോട് പ്രത്യുത്തരിക്കുമ്പോൾ നമ്മുടെ സഭാത്മക ചക്രവാളം വികസിക്കുകയാണ് ചെയ്യുന്നത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ചരിത്രപരമായിത്തന്നെ ഈ ആഗോള സഭാത്മക ചക്രവാളം നാം തിരിച്ചറിഞ്ഞിട്ടുള്ളതാണ്. എന്റെ ഇടവക, എന്റെ പ്രദേശം, എന്റെ രൂപത, എന്റെ സമൂഹം എന്നതിനൊക്കെ അപ്പുറം സഭയുടെ ചലനാത്മകതയുടെ ഭാഗമായി ധാരാളം ദൈവവിളികളെ മിഷനറിമാരായി സമ്മാനിക്കുവാൻ കേരളമണ്ണിന് സാധിച്ചിട്ടുണ്ട്. ഇതാണ് സഭാചൈതന്യം.

ഈ ചൈതന്യം വളരുന്നത് സഭയ്ക്കുള്ളിൽ തന്നെയാണ്. തുടക്കത്തിൽ നമുക്കെല്ലാവർക്കുമുള്ള പരിമിതമായ കാഴ്ചപ്പാടുകൾ മറികടന്ന് വിവിധ ദൈവവിളികൾക്കായുള്ള അർത്ഥികളുംഅർത്ഥിനികളും തങ്ങളുടെ പരിശീലനകാലത്ത് സഭാസമൂഹത്തെക്കുറിച്ചുള്ള അറിവിൽ വളരേണ്ടതുണ്ട്. ഈ വളർച്ച സഭയോടുള്ള നീതിയും സകല ജനങ്ങളോടുമുള്ള കരുണയുമാണ്. നാം ശീലിച്ച പരിധികൾക്കപ്പുറത്തെ ദൈവസാന്നിദ്ധ്യത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ദൈവവിളി. കർത്താ

വിന് തന്റെ ജീവിതം സമർപ്പിച്ച ഒരാൾ സഭയ്ക്ക് ആവശ്യമുള്ളിടത്തെല്ലാം അവിടുത്തെ ശുശ്രൂഷിക്കാൻ തയ്യാറാണ് എന്നിങ്ങനെ പൗലോസിന്റെയും ബർണ്ണബാസിന്റെയും വിളികളെ ഓർമ്മപ്പെടുത്തിക്കൊണ്ട് പരിശുദ്ധ പിതാവ് അസന്നിഗ്ദ്ധം പ്രഖ്യാപിച്ചു.

ഈ ഒരു ദൗത്യം മനസ്സിലാക്കുവാൻ പരിശുദ്ധ പിതാവ് എല്ലാ വിശ്വാസികളെയും ഉദ്ബോധിപ്പിക്കുന്നു. ദൈവവിളികളുടെ സഭാത്മക ചലനാത്മകത മനസ്സിലാക്കാൻ എല്ലാ വിശ്വാസികളും വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ, പരിശുദ്ധ കന്യകാമറിയത്തിന്റെ മാതൃകയിൽ വിശ്വാസക്കൂട്ടായ്മകൾക്ക് പരിശുദ്ധാത്മാവിന്റെ ദാനം സ്വാഗതം ചെയ്യുന്ന ഒരു അമ്മയുടെ ഉദരം ആകുവാൻ കഴിയും. ദൈവവിളി സ്വീകരിച്ച് സഭാസേവനത്തിനായി പോയിരിക്കുന്ന സഹോദരങ്ങളെ താങ്ങിനിറുത്തേണ്ടതും അവർക്ക് ധൈര്യം നൽകുന്ന ആദ്ധ്യാത്മിക മാതൃത്വവും പിതൃത്വവുമൊക്കെ ശക്തിപ്പേടേണ്ടതും ഇന്നിന്റെ ആവശ്യം കൂടിയാണ്.

കൂട്ടായ്മയുടെ ഒരു മാദ്ധ്യസ്ഥതവഴിയാണ് ദൈവത്തിന്റെ വിളി നമ്മിലേക്കു വരുന്നത്. അതുകൊണ്ടുതന്നെ ദൈവവിളികൾക്കുവേണ്ടി നിതാന്തമായി നാം പ്രാർത്ഥിക്കേണ്ടതുണ്ട്. സഭയുടെ ഈ കൂട്ടായ്മയിലാണ് ദൈവവിളികൾ ജനിക്കുന്നത്. ഇവിടെയാണ് അവ വളരുന്നത്. ഇവിടെയാണ് അവ നിലനിർത്തപ്പെടുന്നത്. സർവ്വദാ പ്രചോദനാത്മകവും പ്രോത്സാഹനജനകവുമായ ഒരു സഹകരണവും സഹായവുമാണ് ദൈവവിളികൾ ജനിക്കുവാനും വളരുവാനും നിലനിൽക്കുവാനും ദൈവജനം ചെയ്യേണ്ടത്. ദൈവം വിളിക്കുന്ന സേവനമേഖലകളിലേക്കും പ്രദേശങ്ങളിലേക്കും ഇറങ്ങിപ്പുറപ്പെടുവാൻ നാം അർത്ഥികളെയും അർത്ഥിനികളെയും ശക്തരാക്കേണ്ടതുണ്ട്. ചരിത്രപരമായ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ടുതന്നെ ആഗോള സഭയുടെ ചലനാത്മകതയിലേക്കു വളരുവാൻ യുവജനങ്ങളെ പഠിപ്പിക്കുക എന്നത് എല്ലാവരുടെയും കടമയുമാണ്.

കർത്താവിന്റെ കരുണാർദ്രമായ നോട്ടത്തിലാണ് ദൈവവിളി പ്രചോദനങ്ങൾ ഉണരുന്നത്. ആ വിളിയുടെ ശബ്ദത്തെയാണ് ദൈവവിളികൾ അനുധാവനം ചെയ്യേണ്ടത്. അതുകൊണ്ടുതന്നെ കേരളസഭയിൽ ദൈവവിളിയുടെ കൂടുതൽ ശക്തമായ തിരിച്ചറിവുകളും അനുധാവനങ്ങളും ഉണ്ടാകുവാൻ ചില നിർദ്ദേശങ്ങൾ വയ്ക്കുന്നു.



1. എല്ലാ കുടുംബങ്ങളിലുംനിന്ന് കർത്താവിന്റെ കരുണാർദ്ര കടാക്ഷത്താൽ ദൈവവിളികൾ പിറവിയെടുക്കാൻ സന്ധ്യാപ്രാർത്ഥനകളിൽ ദൈവവിളിയ്ക്കായി പ്രാർത്ഥിക്കുക.
2. ദൈവവിളികളെ മനസ്സിലാക്കുവാനും ധ്യാനിക്കുവാനും കൂടുതൽ പഠനശിബിരങ്ങൾ രൂപതാ തലത്തിൽ സംഘടിപ്പിക്കുക.
3. പ്രേഷിതമേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുക, കഴിയുംവിധത്തിൽ അവരെ സഹായിക്കുക.
4. കുട്ടികൾക്കും യുവജനങ്ങൾക്കും വൈദികരുടേയും സന്യസ്തരുടേയും സാധാരണജീവിതം അനുഭവിച്ചറിയുവാൻ അവരുടെ ആവൃതി ജീവിതങ്ങൾ പങ്കുവയ്ക്കുക.
5. രൂപതാ അജപാലനം കൂടുതൽ മനസ്സിലാക്കുവാൻ ഇടവക വൈദികരോടൊത്ത് കൂടുതൽ സമയം ചെലവഴിക്കുക.
6. മിഷൻ മേഖലയിൽ പ്രവർത്തിക്കുന്ന പ്രേഷിതരെയും അവരുടെ കുടുംബങ്ങളെയും ആദരിക്കുകയും അവരുമായി സ്നേഹസംവാദങ്ങൾ നടത്തുകയും ചെയ്യുക.

ഓരോ ക്രൈസ്തവകൂട്ടായ്മയും ദൈവവിളിയുടെ ജന്മഗൃഹമാകട്ടെയെന്നും എല്ലാ സഭാമക്കളും ആഗോള സഭാബോധത്തിലേക്ക് വളരട്ടെയെന്നും പ്രാർത്ഥിച്ചുകൊണ്ട്,

**ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: ഏപ്രിൽ 17-ാം തിയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref: 2846/K 35/OL/KCBC/DS 18.03.2016

# കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ തൊഴിൽകാര്യകമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം - 2016

കർത്താവിനാൽ സ്നേഹിക്കപ്പെട്ട സഹോദരീസഹോദരന്മാരേ,

1. അന്താരാഷ്ട്ര തൊഴിലാളിദിനമായ മെയ് ഒന്നിന്റെ ആശംസകൾ നേരുന്നതോടൊപ്പം, തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ അനുഗ്രഹങ്ങൾ ധാരാളമായി എല്ലാ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

2. ക്രൈസ്തവ വിശ്വാസത്തിന്റെ അടിത്തറ നിത്യജീവനിലുള്ള പ്രത്യാശയാണല്ലോ. നിത്യജീവൻ നേടുന്നതിനായി എന്തുചെയ്യണമെന്ന് യേശുക്രിസ്തു വ്യക്തമാക്കുന്ന രണ്ട് പ്രധാന സന്ദർഭങ്ങൾ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിത്യജീവൻ പ്രാപിക്കാൻ ഞാൻ എന്തുചെയ്യണം എന്ന ചോദ്യവുമായി യേശുവിനെ പരീക്ഷിക്കുന്ന ധനികനായ യുവാവിന് നൽകുന്ന മറുപടിയാണിതിൽ ആദ്യത്തേത് (മത്തായി 19/16-21). ഭൗതികസ്വത്തുക്കളെയും ഭൗമികജീവിതത്തെയും നിത്യജീവനെക്കാൾ വലുതായിക്കാണുന്ന മനുഷ്യരുടെ പ്രതീകമാണ് ഈ ചെറുപ്പക്കാരൻ. നിത്യജീവിതത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ അർഹതയും അതു നേടാനാകാതെ പോയവരുടെ അനർഹതയും വെളിപ്പെടുത്തുന്ന അന്ത്യവിധിയാണ് രണ്ടാമത്തേത് (മത്തായി 25/31-46). എനിക്ക് വിശന്നപ്പോൾ ആഹാരവും, ദാഹിച്ചപ്പോൾ വെള്ളവും, പരദേശിയായിരുന്നപ്പോൾ സ്വഭവനത്തിൽ സ്വീകരണവും, നഗ്നനായിരുന്നപ്പോൾ വസ്ത്രവും, രോഗിയായിരുന്നപ്പോൾ ആശ്വാസവും, കാരാഗൃഹത്തിലായിരുന്നപ്പോൾ സാമീപ്യവും നൽകി എന്നതായിരുന്നു അർഹത. നിത്യജീവനിലേക്ക് പ്രവേശിച്ചവരും പ്രവേശിക്കാൻ പറ്റാത്തവരും ചോദിച്ചത് ഒരേ ചോദ്യം. അതിനുള്ള ഉത്തരമാണ് ഈ കാരുണ്യവർഷത്തിൽ കർത്താവ് വീണ്ടും നമ്മോടു പറയുന്നത്: ഈ ചെറിയവരിൽ ഒരാൾക്ക് ചെയ്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്.



3. വിശപ്പ് മനുഷ്യന്റെ അവശ്യവസ്തുക്കളുടെ പ്രതീകമാണ്, ദാഹമാകട്ടെ ആഗ്രഹങ്ങളും. പരദേശി പാർശ്വവൽക്കരിക്കപ്പെട്ടവരും ഒറ്റപ്പെട്ടുപോയവരുമാണ്. കാരാഗൃഹം സ്വാതന്ത്ര്യത്തിന്റെ നഷ്ടവും, നഗ്നത മാന്യതയുടെ തകർച്ചയും, രോഗം സഹോദരങ്ങളിൽ നിന്നും ലഭിക്കാതെ പോകുന്ന കരുതലും ആശ്വാസവുമാണ്. അതുകൊണ്ടാണ്, എന്റെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (ലൂക്കാ 6:36) എന്ന വചനം ആപ്തവാക്യമായി എടുത്ത് ഫ്രാൻസീസ് മാർപാപ്പ കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുന്നത്. ഈ വർഷത്തെ മെയ്ദിനത്തിന്റെ പ്രധാന സന്ദേശവും ഇതുതന്നെയാണ്; നമുക്കും കരുണ ഉള്ളവരാകാം.

4. വ്യവസ്ഥകളില്ലാത്ത കാരുണ്യമാണു ദൈവത്തിന്റേത്. ദൈവകാരുണ്യാനുഭവം വ്യക്തികളിൽ മാത്രമല്ല, സമൂഹത്തിന്റെ സമസ്ത ഘടകങ്ങളിലും സംവിധാനങ്ങളിലും രൂഢമൂലമാകേണ്ടിയിരിക്കുന്നു. പട്ടിണി, ദാരിദ്ര്യം, ചൂഷണം, വിവേചനം, അഴിമതി, അനീതി തുടങ്ങി സമകാലിക സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ തിന്മകളും കാരുണ്യമില്ലാത്ത വ്യക്തികളുടെയും സാമൂഹിക ഘടനകളുടെയും സൃഷ്ടിയാണ്.

5. ലോകത്ത് ആകെയുള്ള ദരിദ്രരിൽ മൂന്നിലൊന്നു പേരും അധിവസിക്കുന്നത് ഇന്ത്യയിലാണെന്നാണു ലോകബാങ്കിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഇന്ത്യയിലെ ഗ്രാമങ്ങളിലെ ജനങ്ങൾ അനുഭവിച്ചുവരുന്ന ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും പരാധീനതകളുടെയും നേർചിത്രം കേന്ദ്രസർക്കാർ ഈയിടെ പുറത്തിറക്കിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസിന്റെ (2011) റിപ്പോർട്ട് വെളിവാക്കുന്നു. ആദ്യമായിട്ടാണ് വീടുവീടാന്തരം വിവരശേഖരണം നടത്തപ്പെട്ട ഒരു കുടുംബ സ്ഥിതിവിവരക്കണക്കെടുപ്പ് ഇന്ത്യയിൽ നടന്നത്. അതുകൊണ്ട് ഈ സെൻസസിന്റെ കണ്ടെത്തൽ യാഥാർത്ഥ്യത്തോട് കൂടുതൽ അടുത്തുനിൽക്കുന്നുവെന്നു കാണാം. ഇതനുസരിച്ച്, രാജ്യത്തെ എഴുപത്തിയഞ്ച് ശതമാനം കുടുംബങ്ങളുടെയും പ്രതിമാസ വരുമാനം അയ്യായിരം രൂപയിൽ താഴെ മാത്രമാണ്. കേരളത്തിലെ സ്ഥിതിവിശേഷവും ഒട്ടും മെച്ചപ്പെട്ടതല്ല. ഗ്രാമീണ ജനതയുടെ ദാരിദ്ര്യത്തെയും, ഭൗതിക ജീവിതാവസ്ഥയുടെ പരിമിതികളെയും പരാധീനതകളെയും സംബന്ധിച്ച് വിശദമായ വിശകലനം ഈ റിപ്പോർട്ടിൽ ഉണ്ട്.

6. അവകാശങ്ങളുടെ നിഷേധം, അവസരങ്ങളുടെ തുല്യതയില്ലായ്മ, വ്യക്തിപരമായ അലസത ഇവ മൂന്നുമാണ് ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണങ്ങൾ. ആദ്യത്തേത് രണ്ടും ഭരണകൂടവും പൊതുസമൂഹവും ഉറപ്പുവരുത്തേണ്ടവയും മൂന്നാമത്തേത് വ്യക്തി സ്വയം മാറ്റേണ്ടതുമാണ്. ആരാണ് ഇന്ത്യയിലെ ദരിദ്രർ എന്ന അന്വേഷണത്തിന്റെ ഉത്തരം എത്തിനിൽക്കുന്നത് നമ്മുടെ രാജ്യത്തെ അസംഘടിത തൊഴിലാളികളിലാണ്. അതായത് തൊഴിൽസംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ സംലഭ്യമല്ലാത്ത അസംഘടിത തൊഴിലാളികൾ അഥവാ അനൗപചാരിക തൊഴിലാളികൾ. പ്രഭാതം മുതൽ പ്രദോഷം വരെ അദ്ധ്വാനിച്ചിട്ടും രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ കഴിയാത്തവരാണിവർ. സ്വാഭാവികമായും ഇവർ സംഘടിച്ചു ശക്തരായിട്ടുമില്ല. അഞ്ചേക്കർ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിടകർഷകരെവരെ അസംഘടിത തൊഴിലാളിവിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്.

7. ഇന്ത്യയിലെ തൊഴിലാളികളിൽ തൊണ്ണൂറ്റിമൂന്ന് ശതമാനം പേരും അസംഘടിത തൊഴിലാളികളാണെന്നും, ദേശീയവരുമാനത്തിന്റെ അറുപത്തഞ്ച് ശതമാനവും ഇവരുടെ സംഭാവനയാണെന്നും കണക്കുകൾ സൂചിപ്പിക്കുന്നു. നാൽപ്പത്തഞ്ച് കോടി വരുന്ന ഇവരാണ് യഥാർത്ഥ അദ്ധ്വാനശക്തിയെങ്കിലും അവകാശ നിഷേധവും അവസര നിഷേധവും വഴി ഇവർ കൂടുതൽ ദരിദ്രരാക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഗ്രാമീണ ഇന്ത്യയിലെ മൂന്നിൽ രണ്ട് ഭാഗം പേരും കൃഷി, മത്സ്യബന്ധനം, കന്നുകാലിവളർത്തൽ എന്നിവ വഴി പ്രാഥമിക മേഖലയിലാണ് ഉപജീവനം കണ്ടെത്തുന്നത്. ഈ വർഷം ബജറ്റിനു മുമ്പ് കേന്ദ്ര സർക്കാർ പുറത്തിറക്കിയ സാമ്പത്തിക സർവ്വെ റിപ്പോർട്ടനുസരിച്ച് രാജ്യത്തിന്റെ ഈ വർഷത്തെ വളർച്ചാനിരക്കു 7.6 ശതമാനമാണെങ്കിലും ബഹുഭൂരിപക്ഷത്തിന്റെ ജീവസന്ധാരണ മാർഗമായ പ്രാഥമിക മേഖലയുടെ വളർച്ച കേവലം 1.1 ശതമാനം മാത്രമാണ്. എന്നാൽ കോർപ്പറേറ്റുകളുടെ വളർച്ച 20 ശതമാനമാണ്. രാജ്യം കൈവരിക്കുന്ന വളർച്ചയും പുരോഗതിയും അടിസ്ഥാന ജനവിഭാഗമായ തൊഴിലാളികളിലേക്ക് എത്തിച്ചേരുന്നില്ല. ഇവ ചിലരിൽ മാത്രം കേന്ദ്രീകരിക്കുന്നു എന്നാണ് സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നത്. അതുപേലെ തന്നെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയുടെ



അളവുകോലായി കോർപ്പറേറ്റുകളുടെ വളർച്ച മാത്രം എടുത്താൽ മതിയോ എന്നതും ഉത്തരം കിട്ടേണ്ട ചോദ്യമാണ്.

8. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അസംഘടിത തൊഴിൽമേഖലയെ പരിഗണിക്കുന്നതായിട്ടു പോലും പ്രവൃത്തികളിൽ കാണുന്നില്ല. ബജറ്റവതരണങ്ങളിൽ ഇവിടുത്തെ ഈ ദരിദ്രവിഭാഗം അവഗണിക്കപ്പെടുന്നു. അവരുമായി ബജറ്റിനു മുമ്പ് എന്തെങ്കിലും തരത്തിലുള്ള ചർച്ചയും നടത്തുന്നതായി കാണുന്നുമില്ല. കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കും വൻകിട വ്യവസായികൾക്കും ശതകോടിക്കണക്കിന് ഇളവും പ്രോത്സാഹനവും നൽകുന്നു. ഇതിനായി ബജറ്റ്വിഹിതത്തിന്റെ നല്ലൊരു പങ്ക് മാറ്റി വെക്കുമ്പോൾ അസംഘടിത മേഖലക്ക് കാര്യമായൊന്നും നീക്കിവയ്ക്കുന്നില്ല. അഥവാ നീക്കിവയ്ക്കപ്പെട്ട ചെറുവിഹിതം പോലും വിനിയോഗിക്കപ്പെടുന്നില്ല. പൊതുമേഖലാ ബാങ്കുകൾ അത്താഴപ്പട്ടിണിക്കാരന്റെ വായ്പാകുടിശ്ശിക ഈടാക്കാൻ ജപ്തിയും ജയിലിലടയ്ക്കലും നടപ്പാക്കുമ്പോൾ വൻകിടക്കാർ വരുത്തിയിട്ടുള്ള കോടികൾ എഴുതിതള്ളുന്നു. ജനപ്രതിനിധികൾ തങ്ങളുടെയും, ഉദ്യോഗസ്ഥ വിഭാഗത്തിന്റെയും സേവന വേതന ആനുകൂല്യങ്ങൾ വൻതോതിൽ വർദ്ധിപ്പിക്കുമ്പോൾ തുച്ഛമായ സാമൂഹിക പെൻഷനുകളും ക്ഷേമനിധി സഹായങ്ങളും നൽകാതിരിക്കുകയും, ഉണ്ടായിരുന്ന പദ്ധതികൾ പോലും വെട്ടിച്ചുരുക്കുകയും ചെയ്യുന്നു. മാത്രമല്ല ഇവയെക്കുറിച്ച് ശ്രദ്ധയിൽ പെടുത്തിയാൽ പോലും നിയമസഭയിലോ പാർലമെന്റിലോ ഇത് ഉന്നയിക്കാൻ എം.എൽ.എ. മാരും എം.പി. മാരും തയ്യാറാകുന്നില്ലെന്നത് ഏറെ ഖേദകരമാണ്. ഇക്കാര്യങ്ങളെല്ലാം പരിഗണിച്ച് വിശദമായ വിശകലനം നടത്തി മാത്രമേ തൊഴിലാളികൾ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാൻ പാടുള്ളൂ. അസംഘടിത തൊഴിലാളികളുടെ സാമൂഹികസുരക്ഷയും മനുഷ്യോചിതമായ ജീവിതസാഹചര്യവും ഉറപ്പുവരുത്തേണ്ടത് ഭരണാധികാരികളും വികസനത്തിന്റെ മുഖ്യപങ്കു കൈപ്പറ്റുന്നവരുമാണ്. ഭരണാധികാരികളുടെയും കക്ഷിരാഷ്ട്രീയ നേതൃത്വത്തിന്റെയും ഉദ്യോഗസ്ഥ വിഭാഗങ്ങളുടെയും നിരുത്തരവാദിത്വവും അഴിമതിയും പ്രതിജ്ഞാബദ്ധതയില്ലായ്മയും തിരുത്തി അവരുടെ പ്രവൃത്തികൾ കൂടുതൽ കരുണാർദ്രമായി മാറേണ്ടതുണ്ട്.

9. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കൺവെൻഷനുകൾക്കനുസരിച്ചാണു നമ്മുടെ രാജ്യത്തും തൊഴിൽ നിയമങ്ങൾക്കു രൂപം

കൊടുത്തിട്ടുള്ളത്. പാർലിമെന്റ് പാസ്സാക്കിയ തൊഴിൽ നിയമങ്ങളിൽ വെള്ളം ചേർക്കാനും നിരാകരിക്കാനും തൊഴിലാളികളുടെ അവകാശങ്ങളും സാമൂഹിക സുരക്ഷയും നിഷേധിക്കാനുമുള്ള പ്രവണത അടുത്ത കാലത്ത് ശക്തമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാനും തിരുത്താനുമുള്ള ഫലപ്രദമായ നടപടികൾ ഒത്തൊരുമയോടെ കേന്ദ്ര ട്രേഡ്യൂണിയനുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോയെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളുടെ താത്പര്യങ്ങളേക്കാൾ ഉപരിയായ കക്ഷിരാഷ്ട്രീയ വിധേയത്വമാണ് ഇന്നു തൊഴിലാളി യൂണിയനുകൾ നേരിടുന്ന ഏററവും വലിയ പ്രതിസന്ധി. തൊഴിൽ സേനയിലെ സിംഹഭാഗം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനു കേന്ദ്ര ട്രേഡ്യൂണിയനുകൾ നാളിതുവരെയായി ഗൗരവതരമായ സമീപനം സ്വീകരിച്ചിട്ടില്ലെന്ന കാര്യവും വളരെ പ്രധാനപ്പെട്ട ഒന്നാണ്. കേന്ദ്ര ട്രേഡ്യൂണിയനുകൾ രാഷ്ട്രീയ വിധേയത്വം പ്രകടിപ്പിക്കാനുള്ള മത്സരമൊഴിവാക്കി പാർശ്വവൽക്കരിക്കപ്പെട്ടുപോയ അസംഘടിത മേഖലയോട് പക്ഷം ചേർന്നെങ്കിലേ സാമൂഹ്യനീതി നടപ്പിലാക്കാൻ ഭരണാധികാരികൾ ശ്രദ്ധിക്കുകയുള്ളൂ.

10. അസംഘടിത തൊഴിലാളികളുടെ പക്ഷം ചേർന്ന് തൊഴിൽസുരക്ഷ, സാമൂഹികസുരക്ഷ, കുടുംബസുരക്ഷ, തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വം എന്നിവയ്ക്കായി പ്രവർത്തിക്കുകയാണ് സഭാത്മകദൗത്യം ഏൽപിക്കപ്പെട്ടിരിക്കുന്ന തൊഴിൽകാര്യ കമ്മീഷന്റെ ഉത്തരവാദിത്വം.

11. തൊഴിലാളികളോട് നീതിപൂർവകമായ സമീപനം സഭയ്ക്കുള്ളിൽതന്നെ ഉണ്ടാകേണ്ടതുണ്ട്. സഭാസ്ഥാപനങ്ങളിലെ അദ്ധ്യാപകർ, നഴ്സുമാർ ഉൾപ്പടെയുള്ള ആശുപത്രി ജീവനക്കാർ, സാമൂഹികസേവന മേഖലയിലെ ജീവനക്കാർ എന്നിങ്ങനെയുള്ള എല്ലാ വിഭാഗം ജീവനക്കാരോടും സഭാശുശ്രൂഷകളിൽ ഏർപെട്ടിരിക്കുന്ന അല്മായരും അല്ലാത്തവരുമായ എല്ലാവരോടും കൂടുതൽ കരുണ കാണിക്കേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ പൊതുസമൂഹത്തിന്റെയും ഭരണ രാഷ്ട്രീയ ഉദ്യോഗസ്ഥ വിഭാഗങ്ങളുടെതുമായ നിരുത്തരവാദിത്വത്തിനെതിരേ പ്രതികരിക്കാനുള്ള ധാർമ്മിക ശക്തി ഉണ്ടാകുകയുള്ളൂ എന്ന് ഈ മേഖലകളിൽ നേതൃത്വം നൽകുന്നവരുടെ മനസ്സിലുണ്ടാകണം. ഫ്രാൻസീസ് പാപ്പ നിരന്തരം പറയുന്നതും പ്രവർത്തിക്കുന്നതും ഇതാണ്. പാപ്പായുടെ ആഹ്വാനങ്ങൾ പ്രസംഗങ്ങളിലും പ്രബോധനങ്ങളിലും ഉദ്ധരിക്കാൻ മാത്രമുള്ളതായി ചുരുങ്ങിപ്പോകരുത്. കേരള കത്തോലിക്കാസഭയിൽ രൂപതകളുടെയും സന്ന്യാസസമൂഹങ്ങളുടെയും നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ഏകോപിപ്പിക്കുന്നതിനും ക്രമപ്പെടുത്തുന്നതിനും വേണ്ടി മെത്രാൻ സമിതി പീപ്പിൾ മാനേജ്മെന്റ് പോളിസി 2013, ഒക്ടോബറിൽ പുറത്തിറക്കിയിട്ടുണ്ട്. രാജ്യത്തെ നിയമങ്ങളുടെയും സഭാപ്രബോധനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ നയം തയ്യാറാക്കിയിട്ടുള്ളത്. ഈ കാരുണ്യവർഷത്തിൽതന്നെ എല്ലാ സ്ഥാപനങ്ങളിലും ഈ നയം നടപ്പിലാക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. അതിന് ആവശ്യമായ സാങ്കേതികസഹായങ്ങൾ കേരള കത്തോലിക്കാമെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ നൽകാൻ തയ്യാറാണ്.

12. കെസിബിസി ലേബർ കമ്മീഷന്റെ ഔദ്യോഗിക സാമൂഹിക സന്നദ്ധ സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് (കെ.എൽ. എം.). സി. ബി. സി. ഐ. ലേബർ കമ്മീഷന്റെ കീഴിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ (വിഫ്) കേരള ഘടകമാണ് ഈ പ്രസ്ഥാനം. നിർമ്മാണത്തൊഴിലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, ഗാർഹിക തൊഴിലാളി ഫോറം, ചെറുകിട തോട്ടം തൊഴിലാളി ഫോറം, കർഷക തൊഴിലാളി ഫോറം, മോട്ടോർ വാഹന തൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, പീടികത്തൊഴിലാളി ഫോറം തുടങ്ങിയ എട്ട് ഫോറങ്ങളിലൂടെ അസംഘടിത തൊഴിലാളികളെ കെ. എൽ. എം. സംഘടിപ്പിച്ചു വരുന്നു. സർക്കാർ ക്ഷേമനിധികൾ, സാമൂഹിക സുരക്ഷാപദ്ധതികൾ, തൊഴിൽ വൈദഗ്ധ്യപരിശീലനങ്ങൾ, ശിൽപശാലകൾ എന്നിവയിലൂടെ ജാതിമത ഭേദമില്ലാതെ അസംഘടിത തൊഴിലാളികളുടെ ശക്തീകരണമാണ് കെ.എൽ.എം. ലക്ഷ്യം വെച്ചിട്ടുള്ളത്. കൂടാതെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശുശ്രൂഷികളുടെയും സാമൂഹിക സുരക്ഷാ പദ്ധതി നടപ്പിലാക്കാനും, പീപ്പിൾ മാനേജ്മെന്റ് പോളിസി നടപ്പിലാക്കാനുള്ള സഹായങ്ങളും ഒത്താശകളും നൽകാനും കെ. എൽ. എം -നെയാണു ചുമതലപ്പെടുത്തിയിരിക്കുന്നത്.

13. കേരളത്തിലെ എല്ലാ രൂപതകളിലും ഇതിനോടകം കെ.എൽ.എം-ന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെങ്കിലും ചില രൂപതകളിൽ ഇനി

യും വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. എല്ലാ ഇടവകകളിലും പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സാധിച്ചിട്ടുമില്ല. അതിനാൽ എല്ലാ രൂപതകളും, ഇടവകകളും ഇക്കാര്യത്തിൽ ആത്മാർത്ഥമായ സഹകരണം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. തൊഴിലാളിദിനാചരണത്തോട് അനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കായി പ്രത്യേക ദിവ്യബലികളും സെമിനാറുകളും നടത്തുന്നത് ഉചിതമാണ്. എല്ലാ തൊഴിലാളികളെയും മെഡിക്ലെയിം ഇൻഷ്വറൻസ്, അപകട ഇൻഷ്വറൻസ്, പെൻഷൻ പദ്ധതി തുടങ്ങിയ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ അംഗങ്ങളാക്കാനുള്ള ഒത്താശകൾ ചെയ്തു കൊടുക്കണം. എല്ലാ ഇടവകകളിലും കെ. എൽ. എം.-ന്റെ നേതൃത്വത്തിൽ ലേബർ ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുന്നത് നല്ലതാണ്.

14. തങ്ങളുടെ അദ്ധ്വാനത്തിലൂടെയാണ് കുടുംബവും, രാഷ്ട്രവും, സമൂഹവും പുരോഗമിക്കുന്നത് എന്ന തിരിച്ചറിവിലൂടെ അലസതയകറ്റി, ഉത്തരവാദിത്വത്തോടെയും സത്യസന്ധതയോടെയും തൊഴിലിൽ ഏർപ്പെടണമെന്ന് എല്ലാ തൊഴിലാളികളെയും ഓർമ്മിപ്പിക്കുന്നു. കാർഷിക മേഖലയിലും വ്യവസായ മേഖലയിലും നല്ല ഉത്പന്നങ്ങൾ കുറഞ്ഞ ചെലവിൽ ഉത്പാദിപ്പിച്ച് കമ്പോളത്തിൽ ഇറക്കിയാൽ മാത്രമേ ഇന്നത്തെ ആഗോള സമ്പദ്‌വ്യവസ്ഥയിൽ നമുക്ക് മുന്നേറാൻ കഴിയുകയുള്ളുവെന്ന വസ്തുത എല്ലാ തൊഴിലാളികളുടെയും മനസ്സിലുണ്ടാകണം. മറ്റു രാജ്യങ്ങളിൽനിന്നു ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ആഗോളമാർക്കറ്റിൽ വരുമ്പോൾ ഗുണമേന്മ കുറവും വില കൂടുതലുമായ നമ്മുടെ ഉത്പന്നങ്ങൾ വാങ്ങാൻ ആരും ഉണ്ടാകുകയില്ല എന്നത് സ്വാഭാവികം. പല അന്താരാഷ്ട്ര കരാറുകളിലും ഒപ്പിട്ടിട്ടുള്ള ഇന്ത്യക്ക് മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഉൽപന്നങ്ങളുടെ കുത്തൊഴുക്കിനെ തടയുന്നതിനും പരിമിതികളുണ്ട് എന്നതും നമ്മൾ അറിയേണ്ടതുണ്ട്. ആ കരാറുകളിൽനിന്നു നമ്മൾ പിൻമാറിയാൽ മറ്റു രാജ്യങ്ങൾ നമ്മുടെ ഉത്പന്നങ്ങൾ ബഹിഷ്കരിക്കും എന്നതും വസ്തുതയാണ്. ചുരുക്കത്തിൽ നമ്മൾ ആഗോള കമ്പോളത്തിൽ മത്സരിക്കാൻ പ്രാപ്തരാകണം എന്നർത്ഥം. ഇതെല്ലാം പ്രായോഗികമാകണമെങ്കിൽ തൊഴിലാളികൾ കൂടുതൽ കൂടുതൽ അറിവും കഴിവും നേടുകയും ആഗോള മാറ്റങ്ങൾക്കനുസരിച്ച് മാറാൻ തയ്യാറാകുകയും വേണം. അതുപോലെ മദ്യപാനം, മയക്കുമരുന്നുപയോഗം തുടങ്ങിയ ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് സമ്പാദ്യശീലം വളർത്തുകയും വേണം.



15. തൊഴിലാളി ശുശ്രൂഷാരംഗത്ത് കരുണാപൂർവകമായ നേതൃത്വം നൽകാൻ പ്രതിജ്ഞാബദ്ധതയോടെ കൂടുതൽ സമർപ്പിതർ മുന്നോട്ട് വരുവാൻ ആഹ്വാനം ചെയ്യുന്നു. കരുണയുടെ ഈ ജൂബിലിവർഷത്തിൽ നീതി നടപ്പാക്കുന്ന സാമൂഹിക ജീവിതവും തൊഴിൽസംസ്കാരവും പടുത്തുയർത്താൻ നമുക്ക് ശ്രമിക്കാം. അതിനായി നല്ലവനായ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. തൊഴിലാളി മദ്ധ്യസ്ഥനായ വി.യൗസേപ്പിന്റെ അനുഗ്രഹവും, തൊഴിലാളിദിനത്തിന്റെ ആശംസകളും, പ്രാർത്ഥനകളും ഒരിക്കൽ കൂടി എല്ലാവർക്കും നേരുന്നു.

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. സ്റ്റാൻലി റോമൻ**
വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

**ബിഷപ്പ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം**
വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ

---

NB: 2016 ഏപ്രിൽ 24-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യണം.

## രൂപതക്കച്ചേരി

### *C. 30/2016* ഇടവക ദിനം

കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ രൂപതയിൽ മെയ്മാസം ഒന്നാംതീയതി ഇടവകദിനമായി ആചരിക്കുകയാണല്ലോ. ഇടവക നവീകരണത്തിന് സഹായകരവും ഇടവക ഒരു കുടുംബമാണെന്ന ചിന്ത കൂടുതൽ ശക്തിപ്പെടുവാനുതകുന്നതുമായ പരിപാടികൾ ആസൂത്രണം ചെയ്യുവാൻ ബ. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. കുടുംബ

ങ്ങൾ തമ്മിലുള്ള യോജിപ്പും ജനങ്ങളും ഇടയനും തമ്മിലുള്ള ഐക്യവും വളർത്തിയെടുക്കാൻ ഈ ദിനം പ്രത്യേകം പ്രയോജനപ്പെടുത്തണം.

*Bishop*

### *C. 31/2016* വി. മൂറോൻ

പെസഹാവ്യാഴാഴ്ച അഭിവന്ദ്യ പിതാവ് വെഞ്ചരിക്കുന്ന വി. മൂറോൻ പുതുഞായറാഴ്ചയ്ക്കകം പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കേണ്ടതാണെന്നുള്ള വിവരം ഓർമ്മിപ്പിക്കുന്നു. മാമ്മോദീസായ്ക്കുള്ള തൈലവും ജലവും വെഞ്ചരിക്കുന്നതിനും തൈലാഭിഷേകത്തിനും വി. മൂറോൻ ഉപയോഗിക്കണമല്ലോ.

*Syncellus*

### *C. 32/2016* മ്ശംശാന, ഹെവ്പ്പദ്യാക്കോന, കാറോയൂസ പട്ട സ്വീകരണം

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന കലയന്താനി ഇടവക കല്ലിടുക്കിൽ സക്കറിയാസ്, നെല്ലിമറ്റം ഇടവക കൊന്തേമ്പിള്ളിൽ സെബാസ്റ്റ്യൻ, പാറമേൽ വർഗീസ്, കൊടുവേലി ഇടവക മുണ്ടയ്ക്കൽ മാത്യു, കത്തീഡ്രൽ ഇടവക ഞാലിപ്പറമ്പിൽ ആന്റണി, മുടവൂർ ഇടവക പാറയ്ക്കൽ എബ്രാഹം, മൈലക്കൊമ്പ് ഇടവക പീച്ചാനിക്കുന്നേൽ ജോർജ്, നെയ്യശ്ശേരി ഇടവക പുത്തൻകുളത്തിൽ മാത്യു, ചീനിക്കുഴി ഇടവക തുമ്പമറ്റത്തിൽ സെബാസ്റ്റ്യൻ എന്നിവർ മ്ശംശാന പട്ടവും, മുതലക്കോടം ഇടവക ആക്കപ്പടിക്കൽ പോൾ, മീങ്കുന്നം ഇടവക കച്ചിറപാറേക്കുടിയിൽ മാർട്ടിൻ, കോലടി ഇടവക കാഞ്ഞിരക്കൊമ്പിൽ ജോസഫ്, തൊമ്മൻകുത്ത് ഇടവക കുന്നുംപുറത്ത് ജോസഫ്, കല്ലൂർക്കാട് ഇടവക താണികുന്നേൽ അലക്സ്, ഈസ്റ്റ് വാഴപ്പിള്ളി ഇടവക വിളയപ്പിള്ളി ആന്റണി എന്നിവർ ഹെവ്പ്പദ്യാക്കോന പട്ടവും, ഊന്നുകൽ ഇടവക തറപ്പിൽ മാത്യു കാറോയൂസ പട്ടവും 2016 മെയ് 11-ാം തീയതി രാവിലെ 8.30-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽനിന്നും സ്വീകരിക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Syncellus*



### *C.33/2016* Monthly Recollection for Priests
### *Topic for discussion in May*

Read in common Nos. 522- 534 of the Catechism of the Catholic Church.

*Syncellus*

### *C.34/2016* കോതമംഗലം രൂപതാവൈദികരുടെ സമ്മേളനം

2016 ഏപ്രിൽ മാസം 19-ാം തീയതി രൂപതാ വൈദികരുടെ പ്രത്യേക സമ്മേളനം രാവിലെ 10 മുതൽ 11.30 വരെ മൂവാറ്റുപുഴ നെസ്റ്റിൽ നടക്കുന്നു. ബഹു. വൈദികരെല്ലാവരും ഇതിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Syncellus*

### *C.35/2016* അഭിവന്ദ്യ പിതാക്കന്മാർക്ക് തിരുനാൾ ആശംസകൾ

വി. ഗീവർഗീസ് നാമധാരികളായ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും തിരുനാൾ മംഗളങ്ങൾ നേരുന്നതിനായി രൂപതയിലെ മുഴുവൻ വൈദികരും സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ്/പ്രതിനിധികൾ, ഭക്തസംഘടനങ്ങളുടെ പ്രസിഡന്റുമാർ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പങ്കെടുക്കുന്ന മീറ്റിംഗ് 2016 ഏപ്രിൽ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.30-ന് മൂവാറ്റുപുഴ NESTT-ൽ നടക്കുന്നു. ഈ മീറ്റിംഗിലേക്കും തുടർന്നുള്ള സ്നേഹവിരുന്നിലേക്കും മേല്പറഞ്ഞ എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

*Syncellus*

### *Pr.C.2/2016* Meeting of the Presbyteral Council

An ordinary meeting of the Presbyteral Council will be held on **Tuesday, April 12, 2016 from 10.00 am to 4.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before April 10, 2016.

*Secretary*

*PC. 2/2016* **Meeting of the Pastoral Council**

An ordinary meeting of the Pastoral Council will be held on **Saturday, April 16, 2016 from 10.00 am to 4.00 pm** at the Bishop's House. The members are cordially invited.

*Secretary*

## മൈനർ സെമിനാരി

*MS 17 /2016* **വൊക്കേഷൻ ക്യാമ്പ്**

2016 ജൂൺ മാസത്തിൽ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി 2016 മാർച്ച് 27 മുതൽ 29 വരെ ദൈവവിളി ക്യാമ്പും ഇന്റർവ്യൂവും നടത്തി. അഭിവന്ദ്യ പിതാവ് ഇന്റർവ്യൂവിന് നേതൃത്വം നൽകി. ക്യാമ്പിന് കുട്ടികളെ പ്രോത്സാഹിപ്പിച്ച് പറഞ്ഞയച്ച ബഹു. വികാരിയച്ചന്മാർക്കും സിസ്റ്റേഴ്സിനും നന്ദി.

*MS 18 /2016* **Angels' Meet**

മധ്യവേനൽ അവധിക്കാലത്ത് 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മൈനർ സെമിനാരി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ഏയ്ഞ്ചൽസ് മീറ്റ് പ്രോഗ്രാം നടത്തുന്നു. മാർച്ച് 28 മുതൽ മെയ് 26 വരെയുള്ള ദിവസങ്ങളിലാണ് ബ്രദേഴ്സിന് ക്യാമ്പ് സംഘടിപ്പിക്കുവാൻ സാധിക്കുന്നത്. ഈ പ്രോഗ്രാം നടത്താൻ ആഗ്രഹിക്കുന്ന ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ.

*MS 19 /2016* **അവധിക്കാല ധ്യാനം**

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 12 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.



*MS 20 /2016* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Sunny Thayyil, Kallanickal | ₹ | 18000 |
| 2 | Rev. Fr. Joseph Kannathukuzhy | ₹ | 25000 |

*Rector*

## വിജ്ഞാനഭവൻ

*V. 33/2016* **ബൈബിൾ നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ്**

ബൈബിൾ നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് രണ്ടാംഘട്ടം ഏപ്രിൽ 25, 26 (തിങ്കൾ, ചൊവ്വ) തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽവച്ച് നടത്തുന്നു. ആഗസ്റ്റ് മാസത്തിൽ നടത്തിയ ഏകദിന ട്രെയിനിംഗിന്റെ തുടർച്ചയാണിത്. അതിൽ പങ്കെടുത്തവരെല്ലാം ഈ ട്രെയിനിംഗിലും പങ്കെടുക്കണം. പുതിയതായി പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്കും വരാവുന്നതാണ്.

- **വരുന്നവരുടെ എണ്ണം ഏപ്രിൽ 10-ന് മുമ്പ് അറിയിക്കണം.**
- **ബൈബിൾ നേഴ്സറി പുസ്തകങ്ങളുടെ ഓർഡർ ഫോം ഏപ്രിൽ 15-ന് മുമ്പ് വിജ്ഞാനഭവനിൽ കിട്ടേണ്ടതാണ്.**

*V. 34/2016* **രണ്ടാം സെമസ്റ്റർ പരീക്ഷ ഏപ്രിൽ 9 ശനി**

Std - I - IX - 9.00 am - 11.00 am

Std - X, XI, XII - 11.15 am - 1.15 pm

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 8-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പഴയ രജിസ്റ്റർ നമ്പർ തന്നെയാണ് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കേണ്ടത്.
3. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
4. X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറും, മാർക്ക് ലിസ്റ്റും, ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും (രൂപതാ കേന്ദ്രത്തിൽനിന്നും തന്നിരിക്കുന്ന ഫോമിലും, ബി. ഫോമിലും എഴു

തണം) രൂപതാ കേന്ദ്രത്തിൽ ഏപ്രിൽ 16-ാം തീയതിക്ക് മുമ്പായി എത്തിക്കണം. **(മേഖലാ കേന്ദ്രങ്ങളിൽ ഏപ്രിൽ 16-ാം തീയതി മാത്രമേ എത്തിക്കാവൂ.)**

5. മെയ് 2-ാം തീയതി റിസൽട്ട് പ്രഖ്യാപനം.
6. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 2 മുതൽ മെയ് 15 വരെ.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 35/2016* **SAY EXAM**

**രജിസ്ട്രേഷൻ : 2016 മെയ് 2 മുതൽ 7 വരെ.**

**പരീക്ഷ : മെയ് 15 ഞായർ**

സമയം : 11.00 am - 1.00 pm

**റിസൽട്ട് : മെയ് 23 തിങ്കൾ**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 14 ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 21-ന് മുമ്പ് രൂപതാകേന്ദ്രത്തിൽ എത്തിക്കണം.
- രണ്ടാം സെമസ്റ്ററിൽ തോറ്റവരെ ഉദ്ദേശിച്ചു മാത്രമാണ് മെയ് 15-ന് SAY Exam നടത്തുന്നത്.

*V. 36/2016* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 12 ചൊവ്വ
സമയം : 10.30 - 12.30

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | SAGHS |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | St. George's HS |
| Karimannoor | - | Holy Family UPS |
| Paingottoor | - | St. Joseph HSS |



**B List-ൽ തന്നിരിക്കുന്ന രജിസ്റ്റർ നമ്പർ ഹാൾടിക്കറ്റിൽ എഴുതി കുട്ടികൾക്ക് കൊടുത്ത് വിടേണ്ടതാണ്. B List-ഉം കൊടുത്തു വിടണം.**

*V. 37/2016* **വിശ്വാസോത്സവം - ഏപ്രിൽ 4-7**

ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 4 മുതൽ 7 വരെ നടത്തേണ്ടതാണ്. പഴയനിയമ പുസ്തകങ്ങൾ പരിചയപ്പെടുവാൻ ഈ ദിവസങ്ങളിൽ നമുക്ക് ശ്രദ്ധിക്കാം. അതിനുള്ള വർക്കുബുക്കുകളാണ് ഒരുക്കിയിട്ടുള്ളത്. 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ വിശ്വാസോത്സവത്തിന് വരുമ്പോൾ ബൈബിൾ കൊണ്ടുവരേണ്ടതാണ്. (രണ്ടോ മൂന്നോ കുട്ടികൾ ഒരു വീട്ടിൽനിന്നും വരുമ്പോൾ കൂടുതൽ ബൈബിൾ വാങ്ങാൻ നിർബന്ധിക്കരുത്.) **വിശ്വാസോത്സവത്തിന് ആവശ്യമായ ഡി.വി.ഡി. വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്. അത് പ്രയോജനപ്പെടുത്താൻ എല്ലാ ഇടവകകളും ശ്രദ്ധിക്കുമല്ലോ.**

*V. 38/2016* **വാർഷിക റിപ്പോർട്ട്, വിശ്വാസോത്സവം റിപ്പോർട്ട്**

വാർഷിക റിപ്പോർട്ട്, വിശ്വാസോത്സവം റിപ്പോർട്ട് എന്നിവ ഏപ്രിൽ 30 -ന് മുമ്പ് എത്തിക്കേണ്ടതാണ്.

*V. 39/2016* **പ്രമോട്ടേഴ്സ് ടീം അംഗങ്ങൾക്ക് നന്ദി**

ജനുവരി മാസം മുതൽ സൺഡേ സ്കൂൾ വിസിറ്റ് നടത്തി വരികയായിരുന്ന പ്രമോട്ടേഴ്സ് ടീം അംഗങ്ങളായ റവ. ഫാ. പോൾ കാരക്കൊമ്പിൽ, റവ. ഫാ. ജോസ് മൂർക്കാട്ടിൽ, റവ. ഫാ. ജോർജ് ചെമ്പരത്തി, റവ. ഫാ. ജോസഫ് കല്ലറയ്ക്കൽ, റവ. ഫാ. മാത്യു മുണ്ടയ്ക്കൽ, സി. ആൻസി FCC, സി. ബസാരിയ SABS, സി. ജ്യോതിമരിയ CMC, സി. സ്റ്റാനി CMC, ശ്രീ. കെ.സി ജോർജ് കല്ലത്ത്, ശ്രീ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ, ശ്രീ. എം.റ്റി. ജോസഫ് മൂലശ്ശേരിൽ, ശ്രീ. K.M. മാത്യു കോലംകുഴിയിൽ, ശ്രീ. തോമസ് വെള്ളിയാംതടം, ശ്രീ. സിജി അഗസ്റ്റിൻ നിരപ്പേൽ, ശ്രീ. ദീപു വലിയമറ്റം, ശ്രീ. ജെന്നി അലക്സ് കുന്നേൽ എന്നിവർക്ക് ആത്മാർത്ഥമായ നന്ദി.

*V. 40/2016* **ലോഗോസ് ക്വിസ് 2016 പഠനഭാഗങ്ങൾ**

സംഖ്യ 11-21 അദ്ധ്യായങ്ങൾ, സുഭാഷിതങ്ങൾ 10-20 വരെ അദ്ധ്യായങ്ങൾ, യോഹന്നാന്റെ സുവിശേഷം 13-21 അദ്ധ്യായങ്ങൾ, യോഹന്നാന് ലഭിച്ച വെളിപാട് 1 - 3 വരെ അദ്ധ്യായങ്ങൾ.

*V. 41/2016* **ക്യാറ്റകെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 27**

നടപ്പുവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും അടുത്ത അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വേണ്ടി, രൂപതാ ക്യാറ്റകെറ്റിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വച്ച് 2016 ഏപ്രിൽ 27-ാം തീയതി 10.30 am-ന് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **കത്ത് കിട്ടാത്തവർ ഇതൊരറിയിപ്പായി കണക്കാക്കുമല്ലോ.**

*V. 42/2016* **ആദ്യകുർബാനപ്പുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

*Director*

## Corporate Educational Agency

*Edn.14 /2016* **2015 –16 സ്കൂൾ വർഷത്തിൽ അവാർഡ് നേടിയ അദ്ധ്യാപകരും മികച്ച സ്കൂളുകളും**

| | |
|---|---|
| **Best HS 2015-16** | St. George's HSS, Kallanickal |
| **Second Best HS 2015-16** | St. George's HSS, Kothamangalam |
| **Best UPS** | St. Joseph's UPS, Perumpillichira |
| **Best LPS** | Little Flower LPS, Oonnukal |
| **Second Best LPS** | Sacred Heart LPS, Ayavana |

**Best Teacher award - 2015-2016**

1 Sri. Joy K.G., Phy. Edn.Teacher, Little Flower H.S., Oonnukal

2 Sri. Antony K.G., H.M., St. Joseph's UPS, Perumpillchira

3 Rev. Sr. Sofey CMC, Fathima LPS, Karakunnam



| | |
|---|---|
| **Best HS for Catechism & Moral Science 2015-16** | - Little Flower HS, Oonnukal |
| **Best UP for Catechism & Moral Science 2015-16** | - Vimala Matha HS, Kadalikad |
| **Best LP for Catechism & Moral Science 2015-16** | - Little Flower LPS, Muvattupuzha |

*Edn.15 /2016*

റിട്ടയർ ചെയ്യുന്ന പ്രധാന അദ്ധ്യാപകർ സ്കൂൾ സംബന്ധമായ എല്ലാ വിവരങ്ങളും പുതിയതായി ചാർജ് എടുക്കുന്ന പ്രധാന അദ്ധ്യാപകരെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തുകയും കണക്കുകൾ കൃത്യമായി ഏല്പിക്കേണ്ടതുമാണ് എന്ന് ഓർമ്മിപ്പിക്കുന്നു.

*Edn.16 /2016* **അഭിനന്ദനങ്ങൾ**

സബ്ജില്ലാതലത്തിലും ജില്ലാതലത്തിലും മികച്ച നേട്ടം കൈവരിച്ച വാഴക്കുളം ലിറ്റിൽ തേരേസാസ് ഹൈസ്കൂളിനും പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും പങ്കെടുത്ത കുട്ടികൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

*Edn.17 /2016* **പ്രാർത്ഥനയിൽ അനുസ്മരിക്കാം**

കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറിയായി (1977–1980) സേവനം ചെയ്ത് നിത്യതയിലേക്ക് വിളിക്കപ്പെട്ട നമ്പ്യാപറമ്പിൽ ബ. ജോസഫ് അച്ചനെയും തൊടുപുഴ, മൂവാറ്റുപുഴ കോളേജുകളിൽ സേവനം ചെയ്ത് നിത്യസമ്മാനത്തിന് വിളിക്കപ്പെട്ട പാലമറ്റം ബ. മോൺ. മാത്യു അച്ചനെയും നമ്മുടെ പ്രാർത്ഥനകളിൽ അനുസ്മരിക്കാം.

*Secretary*

## ചെറുപുഷ്പമിഷൻലീഗ്

*CML 22 /2016* **ചെറുസൂനം ക്വിസ് – രൂപതാതലം**

ചെറുസൂനം ക്വിസ് രൂപതാതല മത്സരം ഏപ്രിൽ 23-ാം തീയതി ശനിയാഴ്ച രാവിലെ 9.30 -ന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നു.

രൂപതാതലമത്സരത്തിന് യോഗ്യത നേടിയവർ:

**HS Section**

1 Tessa Sebastian, Nellimattom
2 Jose Thomas, Thodupuzha East
3 Manu Emmanuel, Peringuzha
4 Sona Byju, Muvattupuzha East
5 Shefy Augustine, Muvattupuzha East
6 Aleena Jose, Arikuzha
7 Malitta Rajesh, Arikuzha
8 Andra Maria Prince, Muvattupuzha East
9 Alan John, Inchathotty
10 Subin Saji, Vannappuram
11 Dona Francis, Inchathotty
12 Argin Joy, Thodupuzha East
13 Don Savio George, Kulappuram
14 Anitta Shajan, Paingottoor
15 Jasmine Manoj, Chilavu

**UP Section**

1 Tiyamol Sebastian, Nellimattom
2 Shephy Gijo, Thazhuvamkunnu
3 Anu Mathew, Perumballoor
4 Anandhu Ritty Jojan, Thodupuzha East
5 Chackochan Jose, Muvattupuzha East
6 Alphy Roy, Malippara
7 Reena Mole Jees, Perumballoor
8 Flavin Francis, Alakode
9 Sona Shaji, Neyyassery
10 Ann Maria Johny, Perumballoor
11 Amala Siby, Neendapara



12 Nihitha Mary, Arikuzha
13 Amala Benny, Muvattupuzha East
14 Alanteena James, Thattakuzha
15 Dleena Joby, Malippara

*CML 23 /2016* **രൂപതാ മാനേജിംഗ് കമ്മിറ്റി ക്യാമ്പ്**

രൂപതാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കായുള്ള ക്യാമ്പ് ഏപ്രിൽ 23-ാം തീയതി വൈകുന്നേരം 4 മണി മുതൽ 24-ാം തീയതി രാവിലെ 10 മണിവരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. എല്ലാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്യാമ്പിനോടനുബന്ധിച്ച് വരുംവർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടത്തുന്നതാണ്. മാനേജിംഗ് കമ്മിറ്റിയിൽ അംഗങ്ങളായവരുടെ പേരുവിവരം ഏപ്രിൽ 15-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

*CML 24 /2016* **ഇലക്ഷൻ**

രൂപതാ എക്സിക്യൂട്ടീവ് കമ്മിറ്റി മൂന്ന് വർഷം പൂർത്തിയാക്കുകയാണ്. തുടർന്നുള്ള വർഷങ്ങളിലേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് മാനേജിംഗ് കമ്മിറ്റി ക്യാമ്പിൽവച്ച് നടത്തുന്നു. മാനേജിംഗ് കമ്മിറ്റിയിൽ അംഗങ്ങളായവരുടെ പേരുവിവരം ഏപ്രിൽ 15-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

*CML 25 /2016* **കൈയെഴുത്തുമാസിക നിർമ്മാണമത്സരം**

രൂപതാ തലത്തിലുള്ള കൈയെഴുത്തുമാസിക നിർമ്മാണമത്സരം ഏപ്രിൽ 23-ന് രാവിലെ 9.30 -ന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ രൂപതാ മാർഗരേഖയുടെ 38-ാം പേജിൽ നൽകിയിട്ടുണ്ട്. എല്ലാ ശാഖകളും പങ്കെടുക്കുമല്ലോ.

*CML 26 /2016* **ശാഖാ - മേഖലാ റിപ്പോർട്ടുകൾ**

ശാഖയിൽ നിന്നുള്ള വാർഷിക റിപ്പോർട്ടുകൾ ഏപ്രിൽ 30-ന് മുമ്പായി മേഖലാ കേന്ദ്രത്തിൽ എത്തിക്കണം. മേഖലയിൽ നിന്നുള്ള വിലയിരുത്തലുകൾക്കുശേഷം അവ മെയ് 15-ന് മുമ്പായി രൂപതാ

